1(സി), 1(ഡി) എന്നീ പാക്കേജുകൾക്ക് ലഭിച്ച ടെണ്ടറിന് എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം കോൺട്രാക്ടർമാരിൽനിന്ന് സന്നദ്ധത തേടിയിരുന്നുവെങ്കിലും വർക്ക് ഏറ്റെടുക്കുവാൻ കഴിയില്ലെന്നും ഇ.എം.ഡി. തിരികെ നൽകണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

1 ഇ-യുടെ ഈ പാക്കേജിന് ലഭിച്ച ടെണ്ടറിന് കോൺട്രാക്ടറിൽ നിന്ന് സന്നദ്ധത ലഭിക്കാത്തതിനാൽ വർക്ക് ഓർഡർ നൽകുവാൻ കഴിഞ്ഞിട്ടില്ല.

പാക്കേജ് 2 എ-യ്ക്ക് ലഭിച്ച ദർഘാസിൽ ക്വാട്ടുചെയ്ത തുക വളരെ കൂടുതലായതിനാൽ കോൺട്രാക്ടറോട് സന്നദ്ധത തേടിയിരിക്കുകയാണ്.

പാക്കേജ് 2 ബി വീണ്ടും രണ്ട് പാക്കേജുകളായി വിഭജിച്ച് ദർഘാസുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം കോൺട്രാക്ടർമാർ സന്നദ്ധത അറിയിക്കുവാൻ തയ്യാറാകാത്തതിനാൽ വർക്ക് ഓർഡർ നൽകുവാൻ കഴിഞ്ഞിട്ടില്ല. എംപവേർഡ് കമ്മിറ്റി തീരുമാനമനുസരിച്ച് ടെണ്ടർ റദ്ദു ചെയ്യേണ്ടതും റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യങ്ങളിലെല്ലാം തീരുമാനമായി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞാൽമാത്രമേ പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാവുമെന്ന് വെളിപ്പെടുത്താൻ കഴിയുകയുള്ളു.

മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

151 (1879) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെകീഴിൽ (ജലസേചനവും ഭരണവും) മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട 36 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 13 എണ്ണം ചെറുകിട ജലസേചന വിഭാഗത്തിലും 23 എണ്ണം വൻകിട ജലസേചന വിഭാഗത്തിലും ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയുടെകീഴിൽ പൊൻമുളവ പഞ്ചായത്തിലെ തെക്കേക്കര പട്ടികജാതി കോളനിക്കുള്ള പദ്ധതിക്കും (എ.ആർ.ഡബ്ല്യൂ.എസ്.പി.) മലപ്പുറം ശുദ്ധജല വിതരണ പദ്ധതി വിപുലീകരണത്തിന് യു.ഐ.ഡി.എസ്. എസ്.എം.ടി പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആനക്കയം ശുദ്ധജല വിതരണ പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

ഭൂജലവകുപ്പിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) ചീഫ് എഞ്ചിനീയറുടെകീഴിൽ (ജലസേചനവും ഭരണവും) പ്രസ്തുത പദ്ധതികളുടെ മൊത്തം അടങ്കൽ തുക ചെറുകിട ജലസേചന വിഭാഗത്തിൽ 303.30 ലക്ഷം രൂപയാണ്. വൻകിട ജലസേചന വിഭാഗത്തിൽ 178.66 ലക്ഷം രൂപയാണ്.

കേരളവാട്ടർ അതോറിറ്റിയുടെകീഴിൽ തെക്കേക്കര പട്ടികജാതി കോളനി ശുദ്ധജല വിതരണ പദ്ധതി- അടങ്കൽ തുക 13.00 ലക്ഷം രൂപയാണ്.

മലപ്പുറം നഗര ശുദ്ധജല വിതരണ പദ്ധതി, വിപുലീകരണ പദ്ധതി-1976.00 ലക്ഷം രൂപ.

ആനക്കയം ശുദ്ധജല വിതരണ പദ്ധതി-473.00 ലക്ഷം രൂപ

ഭൂജലവകുപ്പിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ചീഫ് എഞ്ചിനീയറുടെകീഴിൽ (ജലസേചനവും ഭരണവും) ചെറുകിട ജലസേചന വിഭാഗത്തിലെ 13 പ്രവൃത്തികളിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചു. പുരോഗതിയിലുള്ള 2 പദ്ധതികൾ അവയുടെ നിർമ്മാണ കാലാവധിയായ 3-9-2011, 3-11-2011 എന്നീ തീയതികൾക്കുള്ളിൽ പൂർത്തീയാക്കാൻ കഴിയുന്നതാണ്. ബാക്കിയുള്ള 3 പ്രവൃത്തികളുടെ ടെണ്ടർ കഴിഞ്ഞു. എഗ്രിമെന്റ് വച്ച് ഒരു വർഷത്തിനകം പൂർത്തിയാക്കാൻ കഴിയും.

വൻകിട ജലസേചന വിഭാഗത്തിലെ 23 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. 4 പ്രവൃത്തികൾ പുരോഗമിക്കുന്നു. 10 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെകീഴിൽ തെക്കേക്കര പട്ടികജാതി കോളനി 19-12-2009-ൽ കമ്മീഷൻ ചെയ്യുകയും മലപ്പുറം നഗരശുദ്ധജല വിതരണ പദ്ധതി വിപുലീകരണ പ്രവൃത്തികളുടെ വിവിധ ഘടകങ്ങളുടെ ദർഘാസുകളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകാണ്. ആനക്കയം ശുദ്ധജല വിതരണ പദ്ധതിയുടെ വിയറും വിതരണശൃംഖലയും ഒഴികെ ബാക്കി ഘടകങ്ങൾ പൂർത്തീകരിച്ചു. വിതരണ ശൃംഖല പണി പുരോഗമിച്ചു വരുന്നു. വിയർ രണ്ടു തവണ ടെണ്ടർ ചെയ്തു. കൂടുതൽ നിരക്കിൽ ക്വാട്ടു ചെയ്തതിനാൽ ടെണ്ടർ റദ്ദാക്കി റീ-ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിയർ ഒഴികെ 3/2011-ൽ കമ്മീഷൻ ചെയ്യുന്നതാണ്.

ഭൂജലവകുപ്പിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly